പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 328 25.04.2017 -ൽ മറുപടിക്ക്.

**റേഷൻ കടകൾ വഴി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ കടകൾ വഴി വിവിധ വിഭാഗങ്ങൾക്കായി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ എന്തെല്ലാമെന്നും ആയതിന്റെ തൂക്കവും വിലയും എത്രയെന്നും വിശദമാക്കുമോ ; | (എ) നിലവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പല റേഷൻ കടകളിലും അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കാർഡ് ഉടമകൾക്ക് സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ; | (ബി) ചില അവസരങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിൽ റേഷൻ കടകളിലെ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസികൾക്കെതിരെ കേരള റേഷനിംഗ് ഉത്തരവ് പ്രകാരം സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പരാതി നല്കിയ ഉപഭോക്താവിനെ നേരിൽ കാണുകയും തുടർ നടപടിയുടെ വിവരം അറിയിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) ഇടക്കൊച്ചി വില്ലേജിൽ താമസിക്കുന്ന ശ്രീമതി പ്രഭാവതി, അർഹതപ്പെട്ട അരി ലഭിക്കാത്തതുസംബന്ധിച്ച് കൊച്ചി സിറ്റി റേഷനിംഗ് ഓഫീസർക്ക് എം.എൽ.എ വഴി കൊടുത്ത പരാതി നിരസിച്ചതിനെതിരെ എറണാകുളം ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ? | (സി) ഈ വിഷയത്തിൽ അന്വേഷണം നടത്തിയതിൽ ബി.പി.എൽ കാർഡുടമയായ ശ്രീമതി.പ്രഭാവതി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള കരട് മുൻഗണന/ മുൻഗണനേതര പട്ടികയിൽ നോൺ പ്രയോറിറ്റി സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുകയും നിലവിലെ ബി.പി.എൽ പട്ടികയിൽ നിന്നും പുറത്താകുകയും ചെയ്തു. ഇവരുടെ കാർഡിൽ ഒരംഗം മാത്രമേ ഉള്ളൂ എന്നതിനാൽ ആകെ രണ്ടു കിലോഗ്രാം ഭക്ഷ്യധാന്യത്തിനു മാത്രമേ അർഹത ഉണ്ടായിരുന്നുള്ളൂ. മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവായതിനെതിരെ പരാതി നല്കുകയും ഹിയറിംഗ് നടത്തി വിധവയാണെന്നതു കൂടി പരിഗണിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. സൗജന്യ അരി ലഭ്യമാക്കാനുള്ള ആവശ്യവുമായി ബഹു.എം.എൽ.എ യുടെ കത്ത് സഹിതം ടിയാൾ കൊച്ചി സിറ്റി റേഷനിംഗ് ഓഫീസിൽ എത്തിയ സമയത്ത് നടത്തിയ പ്രാഥമിക പരിശോധനയിൽ പ്രസ്തുത വ്യക്തിയുടെ കാർഡ് അന്തിമ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പരാതി നല്കേണ്ട ആവശ്യമില്ലെന്നും സൗജന്യ നിരക്കിലുള്ള ധാന്യങ്ങൾ ലഭിക്കുമെന്നും അറിയിച്ചിരുന്നു. ടി വിവരം ബഹു. എം.എൽ.എ യെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

(ഏപ്രിൽ 2017 ആധാരമാക്കി)

<table>
<tr><th>ഇനം</th><th colspan="4">ഓരോ വിഭാഗങ്ങൾക്കുമുള്ള വിതരണക്രമം</th></tr>
<tr><td></td><td>എ.എ.വൈ</td><td>എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (Priority)</td><td>മുൻഗണനേതര വിഭാഗം - സബ്സിഡി (NPS)</td><td>മുൻഗണനേതര വിഭാഗം - നോൺ സബ്സിഡി (NPNS)</td></tr>
<tr><td>അരി</td><td>28 കി.ഗ്രാം ഒരു കാർഡിന് സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ</td><td rowspan="2">അരിയും ഗോതമ്പുമുൾപ്പടെ 8 കി.ഗ്രാം. കാർഡിന്/അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും</td></tr>
<tr><td>ഗോതമ്പ്</td><td>7 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി</td><td>ഇല്ല</td></tr>
<tr><td>പഞ്ചസാര</td><td colspan="2">ഒരംഗത്തിന് 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ</td><td>ഇല്ല</td><td>ഇല്ല</td></tr>
</table>

സെക്ഷൻ ഓഫീസർ